## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 5368 — 26.03.2018 ൽ മറുപടിയ്ക്ക്

# വില്ലേജ് ആഫീസുകളിൽ നിന്ന് ഓൺലൈനായി സർട്ടിഫിക്കറ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോജി എം. ജോൺ<br>ശ്രീ. എ. പി. അനിൽ കുമാർ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |

**(എ)** വില്ലേജ് ആഫീസുകളിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭ്യമാക്കുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

**(എ)** വില്ലേജ് ഓഫീസുകളിൽ നിന്നും ഇ-ഗവേണൻസ് പദ്ധതി പ്രകാരം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനായി ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**(ബി)** എന്തെല്ലാം സർട്ടിഫിക്കറ്റുകളാണ് ഓൺലൈൻ വഴി ലഭിക്കുന്നത്; വിശദമാക്കുമോ;

**(ബി)** താഴെപ്പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ – ഡിസ്ട്രിക്ട് സംവിധാനം വഴി നൽകി വരുന്നു.

1. ജാതി സർട്ടിഫിക്കറ്റ്
2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
4. ബന്ധുത്വ സർട്ടിഫിക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്
7. വരുമാന സർട്ടിഫിക്കറ്റ്
8. കൈവശാവകാശ സർട്ടിഫിക്കറ്റ്
9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
10. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്
11. സോൾവെൻസി സർട്ടിഫിക്കറ്റ്
12. ലോക്കേഷൻ സർട്ടിഫിക്കറ്റ്
13. കൺവെർഷൻ സർട്ടിഫിക്കറ്റ്
14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്
15. അഗതി സർട്ടിഫിക്കറ്റ്
16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
17. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്
18. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്

19. ലൈഫ് സർട്ടിഫിക്കറ്റ്
20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്
21. പൊസഷൻ ആന്റ് നോ അറ്റാച്ച് മെന്റ് സർട്ടിഫിക്കറ്റ്
22. വാലേഷൻ സർട്ടിഫിക്കറ്റ്
23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്
24. മൈനോരിറ്റി സർട്ടിഫിക്കറ്റ്

**(സി)** ഓൺലൈൻ സർട്ടിഫിക്കറ്റുകളുടെ ആധികാരികത എങ്ങനെയാണ് വിലയിരുത്തുന്നത് എന്ന് വെളിപ്പെടുത്തുമോ?

**(സി)** ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി വിതരണം ചെയ്യുന്ന ഓൺലൈൻ സർട്ടിഫിക്കറ്റുകളുടെ ആധികാരികത https://edistrict.kerala.gov.in/ എന്ന വെബ്സൈറ്റിൽ പരിശോധിച്ച് ഉറപ്പു വരുത്താവുന്നതാണ്.

സെക്ഷൻ ഓഫീസർ